ഭരണഭാഷ മാതൃഭാഷ


# മലപ്പുറം ജില്ലാ സ്പോർട്സ് കൗൺസിൽ

MALAPPURAM DISTRICT SPORTS COUNCIL

സിവിൽ സ്റ്റേഷൻ, മലപ്പുറം-676 505, ഫോൺ: 0483 2734701,
ഇ-മെയിൽ: scmalappuram@gmail.com, വെബ്സൈറ്റ്: https://sportsmalappuram.com


## പ്രസിദ്ധീകരണത്തിന്

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്പോർട്സ് അക്കാഡമികളിലേക്ക് 2024-25 അദ്ധ്യയന വർഷത്തേക്കുള്ള ജില്ലാതല സെലക്ഷൻ നടത്തുന്നു. അത്‌ലറ്റിക്സ്, ഫുട്ബോൾ വോളീബോൾ, ബാസ്ക്കറ്റ്ബോൾ എന്നീ കായിക ഇനങ്ങളിലാണ് സെലക്ഷൻ നടത്തുന്നത്. ജില്ലാതല സെലക്ഷൻ 2024 ഫെബ്രുവരി 9ന് മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ വെച്ച് നടത്തുന്നതാണ്.

2024-25 അദ്ധ്യയന വർഷത്തെ 7,8 ക്ലാസ്സുകളിലേക്കും, പ്ലസ് വൺ, കോളേജ് ഡിഗ്രി ക്ലാസ്സുകളിലേക്കുമാണ് കായിക താരങ്ങളെ തിരഞ്ഞെടുക്കുന്നത്. സെലക്ഷൻ ലഭിക്കുന്ന കായിക താരങ്ങൾക്ക് സോണൽ സെലക്ഷനിൽ പങ്കെടുക്കാവുന്നതാണ്. 7,8 ക്ലാസിലേക്ക് പ്രവേശനം ലഭിച്ചവർക്കാണ് (നിലവിൽ 6, 7 ക്ലാസിൽ പഠിക്കുന്നവർ) സ്കൂൾ അക്കാദമിയിലേക്കുള്ള സെലക്ഷന് ഇറങ്ങാൻ സാധിക്കുക. സംസ്ഥാന മത്സരത്തിൽ 1.2.3. സ്ഥാനം നേടിയവർക്കും ദേശീയ മത്സരങ്ങളിൽ പങ്കെടുത്തവർക്കും 9-ാം ക്ലാസിലേക്കുള്ള സെലക്ഷൻ ട്രയൽസിൽ പങ്കെടുക്കാം. പ്ലസ്‌വൺ, കോളേജ് അക്കാദമി എന്നിവയിലേക്കുള്ള സെലക്ഷനിൽ പങ്കെടുക്കുന്നവർ ജില്ലാ സംസ്ഥാന മത്സരങ്ങളിൽ പങ്കെടുത്തുവരായിരിക്കണം. ദേശീയ മത്സരങ്ങളിൽ 1,2,3 സ്ഥാനം നേടിയവർക്ക് നേരിട്ട് പ്രവേശനം ലഭിക്കും.

സെലക്ഷനിൽ പങ്കെടുക്കുന്നവർ ജനന സർട്ടിഫിക്കറ്റ്, ഏത് ക്ലാസിൽ പഠിക്കുന്നുവെന്ന് തെളിയിക്കുന്നതിന് ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ നൽകിയ സർട്ടിഫിക്കറ്റ്, ഒരു പാസ്പോർട്ട് സൈസ് ഫോട്ടോ, അതാതു കായിക ഇനത്തിൽ മികവ് തെളിയിക്കുന്ന ഒറിജിനൽ സർട്ടിഫിക്കറ്റ് എന്നിവ സെലക്ഷൻ സമയത്ത് കൊണ്ടുവരേണ്ടതാണ്. പങ്കെടുക്കുവാൻ താൽപര്യമുള്ളവർ 2024 ഫെബ്രുവരി 9ന് രാവിലെ 8 മണിക്ക് പയ്യനാട് സ്റ്റേഡിയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ-0483 2734701 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

മലപ്പുറം
02-02-2024

DISTRICT SPORTS COUNCIL MALAPPURAM - 676 505

സെക്രട്ടറി